**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2748** **24-06-2024 - ൽ മറുപടിയ്ക്ക്**

**റിസ്ക് ഫണ്ടിന് അപേക്ഷിക്കുന്നതിനുള്ള നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | റിസ്ക് ഫണ്ടിന് അപേക്ഷ സമർപ്പിക്കേണ്ട നടപടിക്രമങ്ങൾ അറിയിക്കാമോ; | (എ) | കേരള സഹകരണ നിയമം പ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കിനിൽക്കുന്ന ബാദ്ധ്യതയിൽ നിന്ന് അവരെ ഒഴിവാക്കുന്നതിനു വേണ്ടി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് കേരള സഹകരണ കടാശ്വാസ പദ്ധതി 2008/ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 2008.<br><br>സംസ്ഥാനത്തെ സഹകരണ ബാങ്ക്/ സംഘങ്ങളിൽ നിന്ന് വായ്പ എടുത്ത ആൾ മരണപ്പെടുകയോ / മാരകരോഗം പിടിപെടുകയോ ചെയ്യുന്ന വായ്പാക്കാർക്ക് നഷ്ടപരിഹാരമായി റിസ്ക് ഫണ്ട് ധനസഹായം അനുവദിക്കുന്ന അധികാരി വികസന ക്ഷേമനിധി ഫണ്ട് മാനേജിംഗ് കമ്മിറ്റിയാണ്. പ്രസ്തുത ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.<br><br>റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി നിർദ്ദിഷ്ട മാതൃകയിലുള്ള റിസ്ക് ഫണ്ട്/ചികിത്സ ധനസഹായ അപേക്ഷയും ബന്ധപ്പെട്ട രേഖകളും സംഘം ഭരണസമിതിയുടേയും നിർദ്ദിഷ്ട ഉദ്യോഗസ്ഥ തലത്തിലേയും ശുപാർശകൾ സഹിതം കേരള സഹകരണ വികസനക്ഷേമനിധി ബോർഡിൽ സമർപ്പിക്കേണ്ടതാണ്. അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അപേക്ഷ പരിശോധിച്ച ശേഷം റിസ്ക് ഫണ്ട് പദ്ധതി നിയമാവലി പ്രകാരം അർഹതപ്പെട്ട തുക ധനസഹായമായി അനുവദിച്ചു വരുന്നു. |

മറ്റ് നടപടിക്രമങ്ങൾ

1. ഒരു വായ്പാക്കാരൻ മരണമടഞ്ഞാൽ അനന്തരാവകാശി ബന്ധപ്പെട്ട സഹകരണ സംഘത്തിന് അപേക്ഷ നല്കണം. അപേക്ഷയോടൊപ്പം വായ്പാക്കാരന്റെ മരണ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട അധികാരിയിൽ നിന്നും വാങ്ങി ഹാജരാക്കണം.

2. മാരക രോഗം ബാധിച്ച കേസുകളിൽ സർക്കാർ ആശുപത്രികൾ, മെഡിക്കൽ റീ ഇംബേഴ്സ്മെന്റിനായി സർക്കാർ അംഗീകരിച്ച ആശുപത്രികൾ, സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൻ കീഴിൽ വരുന്ന സഹകരണ ആശുപത്രികൾ എന്നിവ ഉൾപ്പെടുത്തി ബോർഡ് തയ്യാറാക്കി അംഗീകരിക്കുന്ന ലിസ്റ്റ് പ്രകാരമുള്ള ആശുപത്രികളിൽ നിന്ന് ലഭ്യമാകുന്ന ചികിൽസാ സർട്ടിഫിക്കറ്റും അനുബന്ധ ചികിൽസാ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.

3. റിസ്ക് ഫണ്ട് ധനസഹായത്തിനുള്ള അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ, ഒരു മാസത്തിനകം സംഘം ഭരണസമിതി പ്രസ്തുത അപേക്ഷ പരിശോധിച്ച് അർഹതയുള്ളവയാണെങ്കിൽ ശുപാർശ ചെയ്തുകൊണ്ടുള്ള തീരുമാനമെടുത്ത് പദ്ധതിയിൽ നിഷ്കർഷിച്ചിട്ടുള്ള രേഖകളോടൊപ്പം കമ്മിറ്റി തീരുമാന പകർപ്പും അനുബന്ധരേഖകളും അപേക്ഷ സഹിതം ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ന്റെ ശുപാർശയ്ക്കായി നല്കി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) വ്യക്തമായ ശുപാർശ സഹിതം 15 ദിവസത്തിനകം ബോർഡ് സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ്. സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നുള്ള അപേക്ഷകളിൽ ജോയിന്റ് രജിസ്ട്രാർ/കൺകറണ്ട് ആഡിറ്ററുടെ ശുപാർശയും, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളിൽ നിന്നുള്ള അപേക്ഷകളിൽ അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസറുടെ ശുപാർശയും ഉള്ളടക്കം ചെയ്യേണ്ടതാണ്.

4. ബോർഡിലെ അസിസ്റ്റന്റ് രജിസ്ട്രാർ/ മാനേജരുടെയും, ജോയിന്റ് രജിസ്ട്രാർ/ സെക്രട്ടറിയുടെയും പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അർഹതയുള്ള അപേക്ഷകളിൽ ബോർഡ് സെക്രട്ടറി ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത തുക ബന്ധപ്പെട്ട സംഘത്തിന് നൽകുകയും അതോടൊപ്പം തന്നെ ബന്ധപ്പെട്ട അനന്തരാവകാശിയെ

| | | | |
|---|---|---|---|
| | | | അറിയിക്കുന്നതുമാണ്. അപ്രകാരം സംഘത്തിന് ലഭിക്കുന്ന തുക ബന്ധപ്പെട്ട വായ്പാകണക്കിലേക്ക് അടവാക്കി ബാങ്ക്/സംഘം വിനിയോഗ സർട്ടിഫിക്കറ്റ് തൊട്ടടുത്ത മാസം 15-ാം തീയതിക്കുള്ളിൽ ബോർഡിലേക്ക് അയച്ചു കൊടുക്കേണ്ടതാണ്. |
| (ബി) | റിസ്ക് ഫണ്ട് അനുവദിക്കുന്ന സാഹചര്യങ്ങൾ വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ സഹകരണ ബാങ്ക്/ സംഘങ്ങളിൽ നിന്ന് വായ്പ എടുത്ത ആൾ മരണപ്പെടുകയോ / മാരകരോഗം പിടിപെടുകയോ ചെയ്യുന്ന വായ്പാക്കാർക്ക് നഷ്ടപരിഹാരമായി നൽകുന്ന റിസ്ക് ഫണ്ട് ധനസഹായം അനുവദിക്കുന്നതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. പ്രസ്തുത പദ്ധതിയുടെ ധനസഹായം അനുവദിച്ചു നല്കുന്നത് സർക്കാർ അംഗീകരിച്ചു നല്കിയ റിസ്ക് ഫണ്ട് നിയമാവലിക്കു വിധേയമായിട്ടാണ്.<br><br>I) **മരണാനന്തര സഹായം**<br><br>1) റിസ്ക് ഫണ്ട് ധനസഹായ തുക – 1,00,000/-<br><br>ഈ പദ്ധതി 2008 ൽ ആരംഭിച്ചെങ്കിലും 2010 മുതലാണ് പ്രാവർത്തികമാക്കിയത്. 2010 മുതൽ വായ്പയെടുത്ത് മരണപ്പെടുന്നവർക്ക് വായ്പാ ബാക്കിനിൽപ്പോ, പരമാവധി 1,00,000/- രൂപയും മരണതീയതി വരെയുള്ള പലിശയും റിസ്ക് ഫണ്ട് ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്കു വിധേയമായി നല്കി വരുന്നു.<br><br>2) റിസ്ക് ഫണ്ട് ധനസഹായ തുക – 1,50,000/-<br><br>30.03.2012 തീയതി മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 1,00,000/- രൂപയിൽ നിന്നും 1,50,000/- രൂപയാക്കി വർദ്ധിപ്പിച്ചു. അപ്രകാരം പരമാവധി 1,50,000/- രൂപയും മരണതീയതി വരെയുള്ള പലിശയും ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്കു വിധേയമായി നല്കി വരുന്നു.<br><br>3) റിസ്ക് ഫണ്ട് ധനസഹായ തുക – 2,00,000/-<br><br>24.09.2019 തീയതി മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 1,50,000/- രൂപയിൽ നിന്നും 2,00,000/- രൂപയാക്കി വർദ്ധിപ്പിച്ചു. അപ്രകാരം പരമാവധി 2,00,000/- രൂപയുടെ ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്കു വിധേയമായി നല്കി വരുന്നു.<br><br>ഒരു വായ്പാക്കാരൻ വിവിധ സഹകരണ സംഘം/ ബാങ്കുകളിൽ നിന്നും എത്ര വായ്പകൾ എടുത്താലും |

പരമാവധി 5,00,000/- രൂപ വരെ മാത്രമേ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ.

4) റിസ്ക് ഫണ്ട് ധനസഹായ തുക – 3,00,000/-

11.10.2022 തീയതി മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 2,00,000/- രൂപയിൽ നിന്നും 3,00,000/- രൂപയാക്കി വർദ്ധിപ്പിച്ചു. അപ്രകാരം പരമാവധി 3,00,000/- രൂപയുടെ ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്കു വിധേയമായി നല്കി വരുന്നു.

ഒരു വായ്പാക്കാരൻ വിവിധ സഹകരണ സംഘം/ ബാങ്കുകളിൽ നിന്നും എത്ര വായ്പകൾ എടുത്താലും പരമാവധി 6,00,000/- രൂപ വരെ മാത്രമേ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ.

II) **മാരകരോഗം**

1) ചികിത്സാ ധനസഹായ തുക – 75,000/-

ഈ പദ്ധതിയുടെ ആനുകൂല്യം 30.03.2012 തീയതി മുതൽ വായ്പ എടുത്തതിനുശേഷം മാരകരോഗം (ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗം മൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം മൂലമോ അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ) പിടിപെടുന്ന അംഗങ്ങൾക്കും വ്യവസ്ഥകൾക്ക് വിധേയമായി വായ്പാ ബാക്കിനിൽപോ പരമാവധി 75,000/- രൂപയോ നല്കിവരുന്നു.

മാരകരോഗങ്ങളിൽ 29.02.2016 തീയതി മുതൽ ടി.ബി, ലിവർസീറോസിസ് എന്നീ അസുഖങ്ങൾ കൂടി ഉൾപ്പെടുത്തുകയും ചെയ്തു.

2) ചികിത്സാ ധനസഹായ തുക –1,00,000/-

24.09.2019 തീയതി മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 75,000/- രൂപയിൽ നിന്നും 1,00,000/- രൂപയാക്കി വർദ്ധിപ്പിച്ചു. അപ്രകാരം പരമാവധി 1,00,000/- രൂപയുടെ ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്കു വിധേയമായി നല്കി വരുന്നു.

മാരകരോഗങ്ങളിൽ 24.09.2019 തീയതി മുതൽ കരൾ സംബന്ധമായ അസുഖത്തിന് ശസ്ത്രക്രിയ നടത്തിയവർ, അപകടങ്ങളും രോഗങ്ങളും കാരണം ജോലി ചെയ്ത് ജീവിക്കാൻ കഴിയാത്ത വിധം അവയവം

| | | | |
|---|---|---|---|
| | | | മുറിച്ചു മാറ്റപ്പെടുന്ന അവസ്ഥയിലുള്ളവർ, അവയവം മാറ്റി വെക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ എന്നീ അസുഖങ്ങൾ കൂടി ഉൾപ്പെടുത്തുകയും ചെയ്തു.<br><br>3) ചികിത്സാ ധനസഹായ തുക –1,25,000/-<br><br>11.10.2022 തീയതി മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 1,00,000/- രൂപയിൽ നിന്നും 1,25,000/- രൂപയാക്കി വർദ്ധിപ്പിച്ചു. അപ്രകാരം പരമാവധി 1,25,000/- രൂപയുടെ ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്കു വിധേയമായി നല്കിവരുന്നു. |
| (സി) | ലോൺ എടുക്കുന്ന സമയത്ത് റിസ്ക് ഫണ്ട് ഇനത്തിൽ ഈടാക്കുന്ന തുക വർധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (സി) | 11.10.2022 തീയതിയിലെ ഉത്തരവ് പ്രകാരം ടി തീയതി മുതൽ നല്കുന്ന വായ്പകളിൽ സഹകരണ വികസന ക്ഷേമ നിധി ബോർഡിന്റെ ബൈലോ വ്യവസ്ഥയ്ക്കു വിധേയമായി ഈടാക്കുന്ന റിസ്ക് ഫണ്ട് വിഹിത തുക 0.5 ശതമാനം എന്ന നിരക്കിൽ, കുറഞ്ഞത് 100/- രൂപയും പരമാവധി 1000/- രൂപയും എന്നത് 0.7 ശതമാനം എന്ന നിരക്കിൽ, കുറഞ്ഞത് 100/- രൂപയും പരമാവധി വിഹിതം തുക 2000/- രൂപയും ആയതിന്റെ 18% ജി.എസ്.റ്റിയും എന്നാക്കി ഉയർത്തിയിട്ടുണ്ട്.<br><br>11.10.2022 തീയതി മുതൽ നല്കുന്ന വായ്പകളിൽ മരണാനന്തര ധനസഹായത്തിന്റെ പരമാവധി തുക 2,00,000/- രൂപയിൽ നിന്നും 3,00,000/- രൂപയാക്കി വർദ്ധിപ്പിച്ചും, ഒരു വായ്പാക്കാരൻ വിവിധ സഹകരണ സംഘം/ബാങ്കുകളിൽ നിന്നും എത്ര വായ്പകൾ എടുത്താലും പരമാവധി 5,00,000/- രൂപ എന്നത് 6,00,000/- രൂപയാക്കി വർദ്ധിപ്പിച്ചും, മാരകരോഗം പിടിപെട്ട വായ്പാക്കാർക്കുള്ള ചികിത്സാ ധനസഹായത്തിന്റെ പരമാവധി തുക 1,00,000/- രൂപയിൽ നിന്നും 1,25,000/- രൂപയാക്കിയും വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ഡി) | റിസ്ക് ഫണ്ട് അനുവദിക്കാത്തതും നഷ്ടപ്പെടുന്നതുമായ സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (ഡി) | സഹകരണ സംഘങ്ങളിൽ നിന്ന് വായ്പ എടുത്തതിനുശേഷം മരണപ്പെടുന്നവർക്ക് മരണാനന്തര സഹായം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(എ) റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ 7 – റിസ്ക് ഫണ്ട് വിഹിതം<br><br>വായ്പ എടുക്കുന്ന അംഗങ്ങളിൽ നിന്നും സർക്കാർ ഉത്തരവ് പ്രകാരമുള്ള ബോർഡിന്റെ ബൈലോ വ്യവസ്ഥയ്ക്കു വിധേയമായുള്ള റിസ്ക് ഫണ്ട് വിഹിതം തുക (ഒരു വായ്പയ്ക്ക് മിനിമം 100/- രൂപയും പരമാവധി വിഹിതം തുക 2000/- രൂപയും) ആയതിന്റെ 18% |

| | | | | |
|---|---|---|---|---|
| | | | | ജി.എസ്.റ്റിയും ഈടാക്കുകയും പ്രസ്തുത തുക തൊട്ടടുത്ത മാസം 15-ാം തീയതിക്കുള്ളിൽ അടച്ചിരിക്കുകയും ചെയ്യുന്ന അംഗങ്ങൾക്കാണ് റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നത്.<br><br>(ബി) റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ 5 – വയസ്സ്<br><br>മരണപ്പെട്ടതോ/ മാരകരോഗം പിടിപെട്ടതോ ആയ ആളിന്റെ പേരിലുള്ളതും, മരണപ്പെട്ട/മാരകരോഗം പിടിപെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്തതുമായ വായ്പാക്കാരുടെ വായ്പകൾക്ക് മാത്രമാണ് മരണാനന്തര ആനുകൂല്യം/ ചികിത്സാ ധനസഹായം എന്നിവ ലഭിക്കുന്നത്.<br><br>(സി) റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ 4(ബി) – കുടിശ്ശിക/കാലാവധി<br><br>വായ്പാകാലാവധിയിൽ വായ്പാക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിയിൽ തവണ അടയ്ക്കേണ്ട തീയതി മുതൽ 6 മാസത്തിൽ അധികരിച്ചും, വായ്പാ കാലാവധി കഴിഞ്ഞ് വായ്പാക്കാരൻ മരണപ്പെട്ടാൽ വായ്പാ കാലാവധി തീരുന്ന തീയതിയ്ക്ക് തൊട്ടുമുൻപ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ മുതലിൽ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയാൽ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.<br><br>(ഡി) റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ 4(ഡി) – മാരകരോഗം<br><br>30.03.2012- ന് ശേഷം വായ്പയെടുത്ത വായ്പാക്കാരന് മാരകമായ രോഗം പിടിപെടുകയും വായ്പാ ബാദ്ധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന കേസുകളിൽ ഈ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ചികിത്സാ ധനസഹായം നല്കിവരുന്നു. ഇപ്രകാരം ധനസഹായം ലഭിച്ച വായ്പാക്കാരൻ മരണപ്പെടുകയാണെങ്കിൽ അർഹതയുള്ള ധനസഹായത്തിൽ നിന്നും ലഭിച്ച ആനുകൂല്യം കിഴിച്ച് ബാക്കി തുകയ്ക്ക് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ